**മധുരമായ കുട്ടികളേ, ഒരു ബാബയോട് സത്യം സത്യമായ സ്നേഹം വെക്കൂ, ബാബയുടെ നിർദേശത്തിലൂടെ നടക്കൂ എങ്കിൽ എല്ലാ മിത്ര സംബന്ധികളോടുമുള്ള മമത്വം ഇല്ലാതാകും.**

**ചോദ്യം –** ബാബക്കല്ലാതെ വേറെ ഒരു മനുഷ്യർക്കും പറയാൻ കഴിയാത്ത ശബ്ദം ഏതാണ്?
**ഉത്തരം –** നിങ്ങൾ ആത്മാക്കളുടെ പിതാവായ ഞാൻ നിങ്ങളെ പഠിപ്പിക്കാൻ വന്നിരിക്കുകയാണ്, ഞാൻ നിങ്ങളെ എന്റെ കൂടെ തിരിച്ച് കൊണ്ടു പോകും. ഈ ശബ്ദം ഉച്ചരിക്കാനുള്ള ശക്തി ബാബക്കല്ലാതെ വേറെ ഒരു മനുഷ്യർക്കും ഇല്ല. നിങ്ങൾക്ക് നിശ്ചയമുണ്ട്-ഈ പുതിയ ജ്ഞാനം പുതിയ വിശ്വത്തിനു വേണ്ടിയാണ്, ഇത് സ്വയം ആത്മീയ അച്ഛനാണ് പഠിപ്പിക്കുന്നത്, നിങ്ങൾ ഈശ്വരീയ വിദ്യാർത്ഥികളാണ്.

**ഗീതം –** ഭോലാനാഥനേക്കാൾ വേറിട്ടത്..........

**ഓം ശാന്തി**. കുട്ടികൾക്ക് കൊടുക്കുന്നത് എപ്പോഴും അച്ഛനായിരിക്കുമല്ലോ. ഒന്ന് പരിധിയുള്ള അച്ഛനാണ്, തന്റെ 5-8 കുട്ടികൾക്ക് സമ്പത്ത് കൊടുക്കും. പരിധിയില്ലാത്ത ബാബ പരിധിയില്ലാത്ത സമ്പത്ത് നൽകും. ബാബയാണ് സർവ്വരുടേയും അച്ഛൻ. ലൗകിക അച്ഛൻമാർ ധാരാളം പേരുണ്ട്. ധാരാളം കുട്ടികളുമുണ്ടല്ലോ, എല്ലാ കുട്ടികളുടേയും അച്ഛനാണ് ബാബ. ബ്രഹ്മാ, വിഷ്ണു, ശങ്കരനെ പോലും അച്ഛൻ എന്ന് പറയാറില്ല. ശങ്കരന്റെ കാര്യം തന്നെ വേറെയാണ്. ശങ്കരൻ ഒന്നും നൽകാറില്ല. സമ്പത്ത് ലഭിക്കുന്നത് കേവലം നിരാകാരനായ ബാബയിൽ നിന്നാണ്. ബാബ പരംപിതാവാണ്, മൂലവതനത്തിൽ ഉയർന്നതിലും ഉയർന്ന ലോകത്തിൽ വസിക്കുകയാണ്. മനസ്സിലാക്കി കൊടുക്കാൻ വളരെയധികം യുക്തികൾ വേണം, മധുരമായ നാവും വേണം. കാമം മഹാശത്രുവാണ്– ഇതിനു മേൽ വിജയം നേടണം. ഇപ്പോൾ കന്യകമാർ സ്വതന്ത്രരാണല്ലോ. ബ്രഹ്മചര്യം പാലിച്ച് ജീവിക്കുന്ന എത്രയോ മനുഷ്യരുണ്ട്. വികാരി കുടുംബത്തിലേക്ക് പോകാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ അങ്ങനെ തന്നെ ജീവിക്കും, എതിർപ്പൊന്നുമില്ല. കന്യകമാരുടെ തോഴനായി ബാബ പ്രശസ്ഥമാണല്ലോ. കൃഷ്ണൻ കന്യകമാരുടെ അച്ഛനൊന്നുമല്ല. ഇവർ ബ്രഹ്മാകുമാരിമാരാണ്. കൃഷ്ണന് കുമാരിമാരൊന്നുമില്ല. കൃഷ്ണനെ പ്രജാപിതാവ് എന്നും പറയാറില്ല. ഇത് കന്യകമാരാണ്, മാതാക്കളാണ്, ഇവർ എത്രയാണ് സഹിക്കുന്നത്. പക്ഷെ മനസ്സ് ശുദ്ധമായിരിക്കണം. ബുദ്ധിയുടെ യോഗം ഒരു ബാബയുടെ കൂടെ നല്ല രീതിയിൽ കൂടിച്ചേർന്നിരിക്കണം അപ്പോൾ അനേകരോടൊപ്പമുള്ളത് ഇല്ലാതാകും. നമുക്ക് ഒരു ബാബയുടേതായി മാറണം എന്ന ഉറച്ച നിശ്ചയമുണ്ടാകണം. ബാബയുടെ നിർദേശത്തിലൂടെ നടക്കണം. ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് അതായത് നിങ്ങൾ തന്റെ പതിക്കും മനസ്സിലാക്കി കൊടുക്കണം അതായത് കൃഷ്ണപുരിയുടെ സ്ഥാപന നടക്കുകയാണ്. കംസപുരിയുടെ വിനാശത്തിനുള്ള തയ്യാറെടുപ്പുകൾ നടക്കുകയാണ്. അഥവാ കൃഷ്ണപുരിയിലേക്ക് പോകണമെങ്കിൽ വികാരങ്ങളെ ഉപേക്ഷിക്കേണ്ടി വരും. കൃഷ്ണപുരിയിലേക്ക് പോകുന്നതിന് സമ്പൂർണ്ണ നിർവ്വികാരി ആകണം. ഇപ്പോൾ താങ്കൾ സ്വയത്തിനും എനിക്കും നന്മ ചെയ്യണം കാരണം നമ്മൾ ഒരു ഭഗവാന്റെ കുട്ടികളല്ലേ. നിങ്ങളും പറയുന്നുണ്ടല്ലോ ഭഗവാൻ നമ്മുടെ അച്ഛനാണ് എന്ന്, അപ്പോൾ നമ്മൾ പരസ്പരം സഹോദരി സഹോദരൻമാരായില്ലേ. ഇനി നിങ്ങൾക്ക് വികാരത്തിലേക്ക് പോകാൻ സാധിക്കില്ല. എപ്പോൾ ഭാരതം പവിത്രമായിരുന്നോ അപ്പോൾ എല്ലാവരും സുഖമുള്ളവരായിരുന്നു, ഇപ്പോഴാണെങ്കിൽ ദു:ഖികളാണ്. നരകത്തിൽ ബുദ്ധിമുട്ടുകൾ അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. ബാബ പറയുകയാണ് രണ്ട് കൈകളും ബാബയുടെ കൈകളിൽ കൊടുത്ത് പവിത്രരായി സ്വർഗ്ഗത്തിലേക്ക് പോകണം. എന്തിനാണ് 21 ജന്മങ്ങളിലേക്കുള്ള സമ്പത്ത് നഷ്ടപ്പെടുത്തുന്നത്. ദിവസവും മനസ്സിലാക്കി കൊടുക്കുന്നതിലൂടെ എല്ലുകൾ മയമുള്ളതാകും. കന്യകമാർ സ്വതന്ത്രരാണ്, പക്ഷെ അവരുടെ കൂട്ടുകെട്ട് മോശമായിരിക്കരുത്. ഈ അപവിത്രമായ, ഭ്രഷ്ടാചാരിയായ ലോകം ഇല്ലാതാകണം. ബാബ പറയുകയാണ് പവിത്രമാകൂ എങ്കിൽ പവിത്രമായ ലോകത്തിന്റെ അധികാരിയാകാം. ഇങ്ങനെ യുക്തിയോടെ മനസ്സിലാക്കി കൊടുക്കണം, അഴുക്കിലെ കീടങ്ങളാണെങ്കിൽ അവർക്ക് ഭൂം ഭൂം ചെയ്ത് അവരെ തനിക്കു സമാനമാക്കി മാറ്റണം. ശക്തി സേനയിൽ ശക്തി ഉള്ളവരായിരിക്കണമല്ലോ. കുട്ടികളേയും സംരക്ഷിക്കണം. ബാക്കി മോഹത്തിൽ പോയി കുടുങ്ങരുത്. ബുദ്ധിയോഗം ഒരേ ഒരു ബാബയുടെ കൂടെ മാത്രം ഇരിക്കണം. ചെറിയച്ഛൻ, മാമൻ എല്ലാവരും ഡ്രാമയിലെ അഭിനേതാക്കളാണ്. ഇപ്പോൾ കളി പൂർത്തിയാകാൻ പോവുകയാണ്, തിരിച്ച് പോകണം. വികർമ്മങ്ങളുടെ കർമ്മകണക്കുകളെ ഇല്ലാതാക്കണം. ഈ പഴയ ലോകത്തിൽ നിന്നും മനസ്സിനെ മാറ്റണം. ഒരു ബാബയെ ഓർമ്മിക്കണം. ബാബ പറയുകയാണ് ശ്രീമത്തിലൂടെ നടക്കുകയാണെങ്കിൽ സ്വർഗ്ഗത്തിന്റെ ചക്രവർത്തി പദവി പ്രാപ്തമാക്കാം. ഭഗവാൻ ശ്രീമത്ത് നൽകുകയാണ്. തീർച്ചയായും

രാജയോഗത്തിലൂടെ നിങ്ങൾ രാജാക്കന്മാരുടേയും രാജാവായി തീരും. ഇപ്പോൾ ഈ മൃത്യു ലോകം ഇല്ലാതാകും. അതിനാൽ എന്തുകൊണ്ട് ബാബയിൽ നിന്നും 21 ജന്മങ്ങളിലേക്ക് പൂർണ്ണമായും സമ്പത്ത് എടുത്തു കൂടാ. വിദ്യാർത്ഥി മനസ്സിലാക്കുന്നുണ്ട് – അഥവാ നമ്മൾ നല്ല രീതിയിൽ പഠിക്കുകയാണെങ്കിൽ നല്ല മാർക്കോടെ നല്ല നമ്പറിൽ പാസ്സാകാം. അഥവാ ഇവിടെ നല്ല നമ്പറിൽ പാസ്സാവുകയാണെങ്കിൽ അവിടെ സ്വർഗ്ഗത്തിലും ഉയർന്ന പദവി ലഭിക്കും. നിങ്ങൾക്ക് രാജകുമാരനും രാജകുമാരിയുമായി മാറ ണം. എല്ലാവരും ആവുകയില്ല. ധാരാളം പേർ പ്രജകളാകും. പ്രദർശിനിയിലൂടെ പതുക്കെ പതുക്കെ വളരെ പ്രഭാവം ഉണ്ടാകും.

നിങ്ങൾക്ക് അറിയാം ഇപ്പോൾ എന്ത് അഭിനയമാണോ നടന്നു കൊണ്ടിരിക്കുന്നത് ഇത് 5000 വർഷങ്ങൾക്ക് മുമ്പും നടന്നിട്ടുണ്ട്. ബാബ പറയുകയാണ് ഞാനും ഡ്രാമയുടെ ബന്ധനത്തിൽ ബന്ധിക്കപ്പെട്ടിരിക്കുക യാണ്. പാർട്ടിൽ ഇല്ലാത്തത് എനിക്കും അഭിനയിക്കാൻ സാധിക്കില്ല. സ്വദർശന ചക്രത്തിലൂടെ ആരുടേ യെങ്കിലും ശിരസ്സ് മുറിക്കുക, അങ്ങനെയല്ല . സ്വദർശന ചക്രത്തിന്റെ അർത്ഥവും നിങ്ങൾ കുട്ടികൾ മന സ്സിലാക്കിയിട്ടുണ്ട്. ശാസ്ത്രങ്ങളിലാണെങ്കിൽ ധാരാളം കഥകളാണ് എഴുതിയിരിക്കുന്നത്. സ്വ ദർശനം അർത്ഥം സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തെ അറിയണം. സ്വ അർത്ഥം ആത്മാവിന്റെ ദർശനം കിട്ടി – സൃഷ്ടി ചക്രത്തെ കുറിച്ചും അറിഞ്ഞു അതായത് നമ്മൾ 84 ജന്മങ്ങളുടെ ചക്രമാണ് കറങ്ങിയിട്ടുള്ളത്. സൂര്യവംശി, ചന്ദ്രവംശി........ഇപ്പോൾ ഈ ചക്രം പൂർത്തിയായി. പിന്നെ പുതിയ ചക്രം കറങ്ങും. ഭാരത ത്തിന്റെ ചക്രമാണ് ഇത്. ആരംഭം മുതൽ അവസാനം വരെ ഭാരതവാസികൾക്കാണ് പാർട്ട് ഉള്ളത്. ഭാര ത്തിന്റെ രണ്ട് യുഗങ്ങൾ പൂർത്തിയാകും. അതിലൂടെ ലോകത്തിന്റെ പകുതി സമയം കഴിഞ്ഞതു പോലെ ആയിരിക്കും, ആ സമയത്തെയാണ് സ്വർഗ്ഗം എന്ന് പറഞ്ഞിരുന്നത്. പിന്നീടാണ് മറ്റു ധർമ്മങ്ങളെല്ലാം വരു ന്നത്. പറയണം, നിങ്ങൾ വരുന്നതിനു മുമ്പ് ഈ സ്വർഗ്ഗം ഉണ്ടായിരുന്നു, പുതിയ ലോകം ഉണ്ടായിരുന്നു, ഇപ്പോൾ പഴയ ലോകമായി. നിങ്ങൾക്ക് അറിയാം ആരംഭത്തിൽ ഉണ്ടായിരുന്നത് സൂര്യവംശികളും ചന്ദ്ര വംശികളുമായിരുന്നു. ആ രാജധാനി പൂർത്തിയാകുന്നതോടെ പകുതിയിൽ എത്തിച്ചേരും. പുതിയതിന്റേയും പഴയതിന്റേയും ഇടയിലായിരിക്കും. ആദ്യം അരകല്പം ഭാരതമാണ് ഉണ്ടായിരുന്നത്. നാടകം മുഴുവനും നമ്മുടെ കൂടെയാണ് ഉണ്ടാക്കപ്പെട്ടിരിക്കുന്നത്. നമ്മൾ ശ്രേഷ്ഠാചാരികളായ ഡബിൾ കിരീടധാരികളായ രാജാക്കന്മാരായിരുന്നു. നമ്മൾ തന്നെയാണ് ഭ്രഷ്ടാചാരികളായത്, പൂജ്യനിൽ നിന്നും പൂജാരി ആയി , വേറെയാർക്കും ഇങ്ങനെയുള്ള കാര്യങ്ങൾ പറയാൻ കഴിയുകയില്ല. ഇതെല്ലാം എത്ര സഹജമായ കാര്യ ങ്ങളാണ്. പരമാത്മാവ് ഈ ആത്മീയ ജ്ഞാനം കുട്ടികൾക്ക് നൽകുകയാണ്. നിങ്ങൾക്ക് അറിയാം നമ്മൾ ആത്മാക്കൾക്ക് ബാബ ജ്ഞാനം നൽകുകയാണ്. ബാബ പറയുകയാണ് ഞാൻ ആത്മാക്കളെയാണ് പഠി പ്പിക്കുന്നത്. ആത്മാക്കളെ കൂടെ കൂട്ടി കൊണ്ടു പോവുകയും ചെയ്യും അതോടൊപ്പം ഇങ്ങനെയെല്ലാം പറ യാൻ ബാബക്കല്ലാതെ വേറെയാർക്കും ശക്തി പോലും ഉണ്ടാകില്ല. അഥവാ ആരെങ്കിലും സ്വയത്തെ ബ്രഹ്മാ വാണ് അഥവാ ബ്രഹ്മാകുമാരനാണ് അല്ലെങ്കിൽ ബ്രഹ്മാകുമാരിയാണെന്ന് പറഞ്ഞോട്ടെ. ആരെങ്കിലും ഇവിടെ നിന്നും ജ്ഞാനത്തെ കോപ്പി അടിച്ചാലും അത് മുന്നോട്ട് പോവുകയില്ല. സത്യം പിന്നെ സത്യം തന്നെയായിരിക്കും, സത്യത്തെ ഒരിക്കലും ഒളിപ്പിക്കാൻ കഴിയുകയില്ല. അവസാനം പറയും അല്ലയോ പ്രഭോ അങ്ങ് എന്താണോ പറയുന്നത് അത് സത്യമാണ്, ബാക്കി എല്ലാം അസത്യമാണ്. പരംപിതാ പരമാ ത്മാവ് സത്യമാണ്. ബാബ നിരാകാരനാണ്. ശിവരാത്രിയുടെ അർത്ഥവും മനുഷ്യർ മനസ്സിലാക്കുന്നില്ല. അഥവാ കൃഷ്ണന്റെ ശരീരത്തിലേക്കാണ് വന്നത് എങ്കിൽ പറയണമായിരുന്നു ഞാൻ കൃഷ്ണന്റെ ശരീര ത്തിലേക്ക് വന്ന് നിങ്ങൾക്ക് ജ്ഞാനം നൽകുകയാണ്, ഇതും നടക്കുകയില്ല. ഇത് ജ്ഞാനമാണ്, ഇതിൽ നല്ല രീതിയിൽ ശ്രദ്ധ കൊടുക്കണം. നമ്മൾ ഈശ്വരീയ വിദ്യാർത്ഥികളാണ്, ഇത് ബുദ്ധിയിൽ ഇല്ലെങ്കിൽ ഒന്നും ബുദ്ധിയിൽ ഇരിക്കുകയില്ല. നിങ്ങളുടെ അനേക ജന്മങ്ങളുടെ അന്തിമത്തിലെ ജന്മമാണ് ഇത്. ഈ മൃത്യു ലോകം ഇപ്പോൾ അവസാനിക്കും. അതിനാൽ ഞാൻ വന്നിരിക്കുകയാണ് ഇപ്പോൾ അമരലോ കത്തിന്റെ അധികാരിയാക്കി മാറ്റുന്നതിന്. സത്യ നാരായണ കഥ അർത്ഥം നരനെ നാരായണനാക്കുന്ന ജ്ഞാനമാണ് ഇത്, കഥയല്ല. പഴയ കാര്യം, പ്രാചീനമായതിനെയാണ് കഥ എന്ന് പറയുക. അവർ രാജ്യം ഭരിച്ചിരുന്നു എന്നെല്ലാം പറയും. ഇപ്പോൾ ബാബ പറയുകയാണ് എനിക്കും ഡ്രാമയിൽ പാർട്ടുണ്ട്. ബ്രഹ്മാ വിലൂടെ സ്ഥാപനയും ശങ്കരനിലൂടെ വിനാശവും. അവർക്ക് വിനാശത്തിനു വേണ്ടി ഈ ബോംബുക ളെല്ലാം ഉണ്ടാക്കണം. യാദവർ, കൗരവർ, പാണ്ഡവർ എന്തെല്ലാം ചെയ്തു എന്നെല്ലാം എഴുതിയിട്ടുണ്ട്. ശാസ്ത്രങ്ങളിൽ തലകീഴായ കാര്യങ്ങൾ എഴുതിയിട്ടുണ്ട്. തന്റെ കുലത്തിന്റെ നാശം സ്വയം ചെയ്തു എന്ന് യാദവരെ കുറിച്ച് പറഞ്ഞത് ശരിയാണ്. ബാക്കി പാണ്ഡവരും കൗരവരും തമ്മിലുള്ള ഹിംസയുടെ യുദ്ധമാണ് കാണിച്ചിരിക്കുന്നത്. ഇത് നടന്നിട്ടില്ല. നിങ്ങളോടൊപ്പം ഉള്ളത് പരംപിതാ പരമാത്മാവാണ്. ബാബ മുഖ്യമായ വഴികാട്ടിയാണ്, യാത്രക്കാരനാണ്, പതിത പാവനനാണ്, മുക്തിദാതാവാണ്. രാവണരാ ജ്യത്തിൽ നിന്നും മോചിപ്പിച്ച് രാമരാജ്യത്തിലേക്ക് കൊണ്ടു പോകും. ബാബ പറയുകയാണ് ഈ രാവണ

രാജ്യം ഇല്ലാതാകാൻ പോവുകയാണ്, ഇതിനു ശേഷം പാവനമായ ശ്രേഷ്ഠാചാരിയായ സത്യയുഗി രാജ്യം ആരംഭിക്കും. ഇത് നിങ്ങൾ കുട്ടികൾക്കാണ് അറിയുക അതോടൊപ്പം ആർക്കു വേണമെങ്കിലും മനസ്സിലാക്കി കൊടുക്കാനും സാധിക്കും , വേറെ ആർക്കും ഇത് അറിയുക പോലുമില്ല. ഭക്തി മാർഗ്ഗത്തിലെ ശാസ്ത്രങ്ങളെ കുറിച്ച് ധാരാളം അറിയാം. മനസ്സിലാക്കുന്നുണ്ട് ഭക്തിയിലൂടെ ഭഗവാനെ ലഭിക്കും എന്ന്. അരകല്പം ഭക്തി മാർഗ്ഗമാണ്. ഭക്തിയുടെ അവസാനം ജ്ഞാന സാഗരൻ വന്ന് ജ്ഞാനത്തിന്റെ ഇഞ്ചക്ഷൻ നൽകും. നിങ്ങൾ കുട്ടികളുടേത് പതിത പാവനനായ ഗോഡ് ഫാദറിലൂടെ പ്രാപ്തമായ വിദ്യാർത്ഥി ജീവിതമാണ്. പതിത പാവനൻ അർത്ഥം സദ്ഗുരുവാണ്. ഓ ഗോഡ് ഫാദർ പരംപിതാ പരമാത്മാവാണ് അതോടൊപ്പം ബാബ തന്നെ അധ്യാപകന്റെ രൂപത്തിൽ രാജയോഗം അഭ്യസിപ്പിക്കുകയാണ്. എത്ര സഹജമായ കാര്യമാണ്. ആദ്യം പതിത പാവനൻ  എന്നത് തീർച്ചയായും എഴുതണം. ഏറ്റവും ശക്തിശാലി ആയിരിക്കുന്നത് ഗുരുവായിരിക്കുമല്ലോ. മനസ്സിലാക്കുന്നുണ്ട് ഗുരു സദ്ഗതി നൽകും, ദുർഗതിയിൽ നിന്നും രക്ഷിക്കും. ബാബ എത്ര നല്ല രീതിയിലാണ് മനസ്സിലാക്കി തരുന്നത്. എന്നാൽ നമ്മൾ ഭഗവാന്റെ മക്കളാണ് എന്ന കാര്യം ആരുടേയും ബുദ്ധിയിൽ വരുന്നില്ല. ഇത് മനസ്സിലാക്കിയാൽ തീർച്ചയായും സമ്പത്ത് ലഭിക്കണമല്ലോ. ബാബ പറയുകയാണ് കുട്ടികളേ, നിങ്ങൾ രാവണനു മേൽ വിജയം നേടണം എങ്കിൽ ജഗത്ജീത്താകും. ശ്രീമത്തിലൂടെ നടക്കണം. ഏതുപോല ബാബ മധുരമാണോ അതുപോലെ കുട്ടികൾക്കും മധുരമാകണം. യുക്തിയോടെ മനസ്സിലാക്കി കൊടുക്കണം, മുന്നോട്ട് പോകവെ മനസ്സിലാക്കും. നിങ്ങളെയും വിശ്വസിക്കാൻ തുടങ്ങും. അവർ കാണും, യുദ്ധം തുടങ്ങുകയാണ്, എന്തുകൊണ്ട് സമ്പത്ത് എടുക്കാതിരിക്കണം എന്ന് ചിന്തിക്കും. ഇങ്ങനെ യുദ്ധം നടക്കാൻ തുടങ്ങിയാൽ പിന്നെ വികാരത്തിന്റെ കാര്യങ്ങളെ കുറിച്ച് ഓർമ്മ പോലും ഉണ്ടാകില്ല. വിനാശം നടക്കുന്നതിനു മുമ്പ് വിഷത്തിന്റെ രുചി കൂടി അറിയട്ടെ എന്നൊന്നും ആരും പറയില്ല. ആ സമയത്ത് സ്വയത്തെ സംരക്ഷിക്കാനാണ് നോക്കുക. ജന്മജന്മാന്തരങ്ങളായി ഈ കാമ വികാരത്തിലൂടെ നടന്നതിലൂടെയാണ് ഈ ഗതി ആയി തീർന്നത്, ദു:ഖമുള്ളവരായത്. പവിത്രതയിൽ തന്നെയാണ് സുഖമുള്ളത്. സന്യാസിമാർ പവിത്രരാണ് അതുകൊണ്ടാണ് എല്ലാവരും അവരെ പൂജിക്കുന്നത്. എന്നാൽ ഈ സമയത്ത് ലോകത്തിൽ ധാരാളം കപടത നിറഞ്ഞിരിക്കുകയാണ്. സമ്പന്നരോ നാഥനോ ആരുമില്ല. പ്രജ പ്രജയെ ഭരിക്കുകയാണ്. സ്വർഗ്ഗത്തിൽ ലക്ഷ്മി നാരായണന്റെ എത്ര നമ്പർ വൺ രാജ്യമായിരുന്നു. ഭാരതം എന്ന് ആര് വിളിക്കും. ഇതെല്ലാം മറന്നിരിക്കുകയാണ്, രുദ്ര മാലയുണ്ട്, പിന്നെയാണ് വിഷ്ണുവിന്റെ മാല ഉള്ളത് ബ്രാഹ്മണരുടെ മാല നിർമ്മിക്കാൻ സാധിക്കുകയില്ല എന്തുകൊണ്ടെന്നാൽ താഴെ വീഴും പിന്നെ മുകളിലേക്ക് കയറും. ഇന്ന് 5-6 നമ്പറിലായിരിക്കും, നാളെ നോക്കിയാൽ ഉണ്ടാവുക പോലും ഇല്ല. സമ്പത്ത് രാജ്യാധികാരം തന്നെ ഇല്ലാതാക്കിയിട്ടുണ്ടാകും. ബാക്കി പ്രജ പദവി ലഭിക്കും. ഇവിടെ ജീവിച്ച് പിന്നെ ഉപേക്ഷിച്ചു പോയിട്ടുണ്ടെങ്കിൽ പ്രജയിൽ പോലും നല്ല പദവി പ്രാപ്തമാകില്ല. വികർമ്മവും വളരെ ശക്തിയായി ചെയ്യുന്നുണ്ട്. നിങ്ങളെ ഭഗവാനാണ് പഠിപ്പിക്കുന്നത്- ഇത് എത്ര അത്ഭുതകരമായ കാര്യമാണ്. പുതിയ ലോകത്തിന് വേണ്ടിയാണ് ഈ പുതിയ ജ്ഞാനം. നിങ്ങൾ പുതിയ വിശ്വത്തിന്റെ അധികാരി ആയിരുന്നു, ഇപ്പോൾ പഴയ ലോകത്തിൽ വിശ്വം കക്കക്കു തുല്യമായി മാറിയിരിക്കുകയാണ്. ബാബ കക്കക്കു സമാനമായ നമ്മളെ വജ്രത്തിനു തുല്യമാക്കുകയാണ്. നിങ്ങൾ മുള്ളിൽ നിന്നും പുഷ്പങ്ങളാവുകയാണ്. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഏതെങ്കിലും സംബന്ധത്തിന്റെയും മോഹത്തിൽ പോയി കുടുങ്ങരുത്. ഉള്ളിലുള്ള സത്യതയിലൂടെ, ശുദ്ധിയിലൂടെ ബന്ധനമില്ലാത്തവരാകണം. വികർമ്മങ്ങളുടെ കണക്ക് ഇല്ലാതാക്കണം.

2) മധുരമായ നാവ് കൊണ്ടും യുക്തിയുക്തമായ ശബ്ദങ്ങളിലൂടെയും സേവനം ചെയ്യാൻ കഴിയണം. പുരുഷാർത്ഥം ചെയ്ത് നല്ല നമ്പറോടെ പാസ്സാകണം.

**വരദാനം:- കൺട്രോളിങ്ങ് പവറിലൂടെ തെറ്റിനെ ശരിയിലേക്ക് പരിവർത്തനം ചെയ്യുന്ന ശ്രേഷ്ഠപുരുഷാർത്ഥിയായി ഭവിക്കട്ടെ.**

ശ്രേഷ്ഠ പുരുഷാർത്ഥി അവരാണ് ആരാണോ സെക്കന്റിനുള്ളിൽ കൺട്രോളിങ്ങ് പവറിലൂടെ തെറ്റിനെ ശരിയിലേക്ക് പരിവർത്തനം ചെയ്യുന്നത്. വ്യർത്ഥത്തെ കൺട്രോൾ ചെയ്യാൻ ആഗ്രഹമൊക്കെയുണ്ട്, ഇത് തെറ്റാണെന്ന് അറിയുകയും ചെയ്യാം, എങ്കിലും അര മണിക്കൂർ വരെ ഈ വ്യർത്ഥം നടന്നുകൊണ്ടിരിക്കുക, ഇങ്ങനെയാകരുത്. ഇതിനെ പറയാം അല്പാല്പം അധീനം, അൽപാൽപം അധികാരിയുമെന്ന്. ഇത് സത്യമല്ല, അയഥാർത്ഥം അഥവാ വ്യർത്ഥമാണ് എന്ന് എപ്പോൾ മനസ്സിലാക്കുന്നുവോ, ഉടൻ ബ്രേക്കിടണം-ഇത് തന്നെയാണ് ശ്രേഷ്ഠ പുരുഷാർത്ഥം. ബ്രേക്കിടുന്നത് ഇവിടെ, നിൽക്കുന്നത് അവിടെയും-ഇതല്ല കൺട്രോളിങ്ങ് പവർ എന്നതിന്റെ അർത്ഥം.

**സ്ലോഗൻ:- തന്റെ സ്വഭാവത്തെ സരളമാക്കൂ എങ്കിൽ സമയം വ്യർത്ഥമായിപ്പോവുകയില്ല.**

## അമൂല്യ ജ്ഞാന രത്നങ്ങൾ(ദാദിമാരുടെ പഴയ ഡയറികളിൽ നിന്ന്)

ഈ പുരുഷാർത്ഥ സമയത്ത് ഓരോരുത്തരിലും അവശ്യം എന്തെങ്കിലുമൊക്കെ കുറവുകൾ ഉണ്ടായിരിക്കും, അവയെ നികത്തുന്നതിന് വേണ്ടി ഓരോരുത്തരും പുരുഷാർത്ഥം ചെയ്യുന്നു. ചിലരിൽ ക്ഷമയുടെ ഗുണമില്ല, ചിലരിൽ സഹനശീലതയുടെ ഗുണമില്ല, മറ്റു ഗുണങ്ങളുമില്ല. ഇവയുടെ ധാരണാർത്ഥം സ്വയം അധികാരിയായി ആ ഗുണങ്ങളെ തങ്ങളുടെയടുത്തേക്ക് ആകർഷിക്കണം. ആ ഗുണങ്ങൾ അതേപോലെ അവരുടെയടുത്തേക്ക് ആകർഷിക്കപ്പെട്ട് വരികയില്ല, അധികാരിയിൽ കുറവുള്ളത് കാരണം ഗുണം പറയുകയാണ്, ഞാൻ മിത്രത എങ്ങിനെ വെക്കും, അവർക്ക് മാലിക്കിനോട് സ്നേഹമില്ല. പക്ഷെ ആരാണോ അധികാരിയായി സ്ഥിതി ചെയ്യുന്നത്, ഗുണങ്ങളും അവരെ സ്നേഹിക്കുന്നു. ജ്ഞാനിക്ക് ഗുണങ്ങളോട് തന്നെയായിരിക്കുമല്ലോ സ്നേഹമുണ്ടായിരിക്കുക. ആ ഗുണങ്ങൾ ആകർഷണീയമാണ്, അക്കാരണത്താൽ മാലിക്കിനെ ആകർഷിക്കുന്നു, പക്ഷെ ഇത് അവശ്യമാണ് അതായത് സ്വയം മാലിക്കായി സ്ഥിതി ചെയ്യുന്നതിലൂടെ ആ ഗുണങ്ങൾ താനേ അവരിലേക്ക് വന്ന് ചേരും. അതിനാൽ തങ്ങളുടെ അധികാരീ സ്ഥിതിയുടെ പൂർണ്ണ നിശ്ചയമുണ്ടായിരിക്കണം. ഞാൻ ആത്മാവ് പരമാത്മാവിന്റെ സന്താനമാണ്, ഈ നിശ്ചയമുണ്ടെങ്കിൽ സമ്പൂർണ്ണ ദൈവീക ഗുണങ്ങളും വന്നുകൊണ്ടിരിക്കും. നിശ്ചയത്തിലൂടെ തന്നെയാണ് ദൈവീക ഗുണങ്ങൾ വരുന്നത്. ജ്ഞാനത്തിന്റെ പോയന്റ് പ്രയോഗിക്കുക, ഇക്കാര്യത്തിൽ സമയമൊന്നും എടുക്കുകയില്ല, പക്ഷെ ദൈവീക ഗുണങ്ങൾ ധാരണ ചെയ്യുന്നതിൽ സമയമെടുക്കുന്നു. ഓ ശാന്തി.